LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ

295 (643) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും ഇവർ എത്ര കോളനികളിലായാണ് അധിവസിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഏതൊക്കെ ജാതികളാണ് കാസർഗോഡ് ജില്ലയിലുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ 1037 കോളനികളിലായി 80947 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സമുദായം
1	മാവിലൻ
2	മലവേട്ടുവൻ
3	കൊറഗ
4	കടിയ
5	മലയരയൻ
6	മലവേടൻ
7	ഉള്ളാടൻ
8	മറാഠി

കൈത്താങ്ങ് പദ്ധതി

296 (644) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ക്ഷേമത്തിനായി 'കൈത്താങ്ങ് 'എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) അനാഥരായ ആദിവാസി കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൽപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14-ൽ ആരംഭിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരിച്ചതോ ഉപേക്ഷിച്ചതോ ആയ കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾ മനോരോഗിയോ തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ മാരകരോഗിയോ ആണെങ്കിൽ അവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കാണ് ധനസഹായം അനുവദിക്കുന്നത്.

(സി&ഡി) അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിക്കുന്നു. ടി തുക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

ടി തുക രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുകയാണ് ചെയ്തുവരുന്നത്. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതുവരെയോ, 18 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇത്തരത്തിൽ തുക പദ്ധതി പ്രകാരം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly